(ഡി&ഇ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നടത്തുന്നതിൽ ഇപ്പോൾ നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

**തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ**

**26 (2129)** ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക് (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പല വകുപ്പുകളിലും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) 13-10-2003-ൽ അവസാനിക്കുന്ന ഈ ലിസ്റ്റിൽ പ്രായപരിധി കഴിഞ്ഞവരാണ് കൂടുതൽ എന്ന കാര്യം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിലെ എൽ. ഡി. ക്ലാർക്ക് നിയമനം**

**27 (2130)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പി. എസ്. സി.-യുടെ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ എത്ര പേർക്ക് നിയമനം നൽകി ;

(സി) നിയമനം നൽകിയില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ;

(ഡി) ഇപ്പോൾ വിവിധ വകുപ്പുകളിലായി എത്ര എൽ.ഡി.ക്ലാർക്കുമാരുടെ ഒഴിവുകൾ ഉണ്ട് ;

(ഇ) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly